കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് - 2008-09 - വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-8 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 2299/2013/തസ്വഭവ തിരുവനന്തപുരം, തീയതി: 10/09/2013

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 17/11/2012-ലെ എം3-32600/12 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 19/03/2013-ലെ എൽ.എഫ് 26487/പി13/2012 നമ്പർ കത്ത്.

3) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 24/06/2013-ലെ 1540/ഇജിഎസ്ഡി1/13/ആർഇജിഎസ്/52 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 പ്രകാരം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവിനത്തിൽ ഭരണച്ചെലവുകൾ 6 ശതമാനത്തിൽ അധികരിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ 2008-09 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വളരെ കുറച്ച് തൊഴിൽ ദിനങ്ങൾ മാത്രമേ സൃഷ്ടിക്കപ്പെട്ടിട്ടുള്ളൂ എന്നും അനുവദനീയ നിരക്കിലും കൂടുതൽ ഭരണച്ചെലവ് ഉണ്ടായിട്ടുള്ളത് പദ്ധതി പ്രവൃത്തികൾക്കാവശ്യമായ തൊഴിലുപകരണങ്ങൾ വാങ്ങിയതിനാലും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓവർസിയർ എന്നിവരുടെ ശമ്പളം നൽകിയതിനാലുമാണെന്നും പദ്ധതി ഇപ്പോൾ നല്ല നിലയിൽ നടന്നുവരികയാണെന്നും ആയതിനാൽ അധികരിച്ച ചെലവ് സാധൂകരിച്ചു നൽകണമെന്നുമുള്ള 22/05/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 56/12(4) നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ആദ്യകാലഘട്ടം എന്ന നിലയിൽ പരിചയക്കുറവു മൂലം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് പ്രയാസം നേരിട്ടതു മൂലമാണ് ഭരണച്ചെലവ് കൂടിയതെന്നും ആയതിനാൽ ഓഡിറ്റ് തടസ്സം നീക്കുന്നതിന് സർക്കാരിനോട്

അപേക്ഷിക്കവാൻ തീരുമാനിച്ച കൊണ്ടുള്ള 10/09/2012-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗതീരുമാനത്തിന്റെ പകർപ്പും പരാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവ് ഇനത്തിൽ അധികം ചെലവഴിച്ച പഞ്ചായത്ത് നടപടി സാധൂകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് വേതനം നൽകേണ്ടതാണെന്നും കൂടാതെ Office equipments, stationery ചെലവുകളും അനിവാര്യമാണെന്നും പദ്ധതിയുടെ തുടക്കത്തിൽ ഡിമാന്റ് കുറവായിരുന്നെന്നും ആസൂത്രണ നിർവ്വഹണ പ്രക്രിയകളും സാവധാനത്തിലായിരുന്നെന്നും ഈ കാരണത്താലാണ് ഭരണച്ചെലവുകൾ 6 ശതമാനത്തിൽ കൂടുതൽ വന്നതെന്നും ആകയാൽ അധികരിച്ച ഭരണച്ചെലവിന് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശം 3 പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8-ൽ തടസ്സപ്പെടുത്തിയ 1,12,782/- രൂപ (ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ. ജവഹറാ ബീവി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ